## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2821 | 17.06.2019 -ൽ മറുപടിക്ക്

## കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

**ചോദ്യം**
ശ്രീ.എ.എൻ.ഷംസീർ
ശ്രീ.കെ.ദാസൻ
ശ്രീ.എം.മുകേഷ്
ശ്രീ.യു.ആർ.പ്രദീപ്

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകൾ, ഈ മേഖലയിലെ നൂതന പ്രവണതകൾ, അനുയോജ്യമായ തൊഴിൽ പരിശീലനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ നൽകുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഗ്രാമപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ, തൊഴിൽ മേഖലകളി-ലുണ്ടാകുന്ന നൂതന പ്രവണതകളെ-ക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനും ഇതു സംബന്ധിച്ച പരിശീലനത്തിനു സഹായിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (ബി) | സെന്ററുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വ്യക്തികളുടെ വിവരങ്ങൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രത്യേകമായി തയ്യാറാക്കിയ സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കുന്നതാണ്. കരിയർ സംബന്ധമായ ഏതു സംശയവും നിവാരണം ചെയ്യുന്നതിന് ഇവിടെ സംവിധാനം ഉണ്ട്. വ്യക്തിയുടെ പഠന നിലവാരം, സാമ്പത്തിക സ്ഥിതി, സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം മുതലായവ എല്ലാം വിശദമായി പരിശോധിച്ച് കോഴ്സുകൾ, തൊഴിൽ മേഖലകൾ, പരിശീലന സംവിധാനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം കൃത്യമായ നിർദേശങ്ങൾ നൽകുന്നതിന് കൗൺസലറുടെ സേവനവും ലഭ്യമാണ്. എടുത്ത തീരുമാനത്തിൽ വ്യക്തി എത്രമാത്രം മുന്നോട്ട് പോയെന്ന് സമയബന്ധിതമായി പരിശോധിക്കാനും സംവിധാനം ഉണ്ട്. കോഴ്സുകൾ പൂർത്തീകരിച്ചശേഷം തൊഴിൽ ലഭിക്കാതിരി- |

| | | | |
|---|---|---|---|
| | | | ക്കുന്നുവെങ്കിൽ ആവശ്യമായ പരിശീലനവും പ്രചോദനവും സെന്ററിൽ നിന്ന് നൽകുന്നു. വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾ, ഗ്രൂപ്പ് കൗൺസിലിങ്, ഗ്രൂപ്പ് ഡിസ്കഷൻ, റെസ്യൂമെ പ്രിപ്പറേഷൻ, വിവിധ മത്സരപരീക്ഷയ്ക്കുള്ള പരിശീലനപരിപാടികൾ, പ്രി-ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള ഗൈഡൻസ് എന്നിവയിലൂടെയെല്ലാം വ്യക്തിയുടെ പ്രൊഫഷണൽ മികവ് ഉയർത്താനാവശ്യമായ പ്രവർത്തനങ്ങൾ ഇവിടെ ലഭ്യമാണ്. സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ എല്ലാവിധ നിർദേശങ്ങളും സെന്ററിൽ നിന്നു നൽകുന്നതാണ്. സെന്ററിൽ വിപുലമായ കരിയർ ലൈബ്രറി ക്രമീകരിച്ചിട്ടുണ്ട്. എല്ലാ ഉദ്യോഗാർത്ഥികൾക്കും കരിയർ ലൈബ്രറി പ്രയോജനപ്പെടുത്താവുന്നതാണ്. സെൽഫ് ഹെൽപ്പ് വിഭാഗത്തിൽപ്പെട്ട മികച്ച ഗ്രന്ഥങ്ങളും ലൈബ്രറിയിൽ ലഭ്യമാണ്. ഓൺലൈൻ അപേക്ഷകൾ നൽകുമ്പോൾ ഉണ്ടാകുന്ന സംശയങ്ങൾ സെന്ററിൽ ലഭ്യമായ ഐടി ഓഫീസറുടെ സേവനം ഉപയോഗിച്ച് പരിഹരിക്കുന്നതിനും സൗകര്യം ഉണ്ട്. കരിയർ സംബന്ധമായ ഏതു കാര്യത്തിനും ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനും ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യമുണ്ടാകും. ഇന്റർവ്യൂവിനു മുന്നോടിയായി ഉദ്യോഗാർത്ഥികളെ മോക്ക് ഇന്റർവ്യൂവിലൂടെയും ക്ലാസ്സുകളിലൂടെയും പൂർണ്ണമായും സജ്ജരാക്കുന്നതിന് സംവിധാനങ്ങൾ ഉണ്ട്. പുതിയ തൊഴിൽ തേടുന്നതിനും മറ്റൊരു ജോലിയിലേക്കു മാറുന്നതിനും നിലവിലുള്ള ജോലിയിൽ ഉയർച്ച നേടുന്നതിനും ആവശ്യമായ എല്ലാ ഉപദേശ നിർദ്ദേശങ്ങളും സെന്ററിൽനിന്നു ലഭിക്കുന്നതാണ്. മേൽപ്പറഞ്ഞ സൗകര്യങ്ങളാണ് ഗ്രാമപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ തൊഴിൽ മേഖലകളിലുണ്ടാകുന്ന നൂതന പ്രവണതകളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനും ഇത് സംബന്ധിച്ച പരിശീലനത്തിന് സഹായിക്കുന്നതിനും കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ ഒരുക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഏതെല്ലാം നവീന സാങ്കേതിക വിദ്യകളും ഉപാധികളുമാണ് ഇത്തരം സി.ഡി.സി.കളിൽ ഉപയോഗപ്പെടുത്തുന്ന-തെന്ന് വ്യക്തമാക്കാമോ? | (സി) | ആധുനിക കാലത്തിന് അനുയോജ്യമായ സംവിധാനങ്ങളുള്ള ഓഫീസും അനുബന്ധ സൗകര്യങ്ങളുമാണ് കരിയർ ഡെവലപ്മെന്റ് സെന്ററിൽ ഒരുക്കിയിട്ടുള്ളത്. കരിയർ ലൈബ്രറി, കമ്പ്യൂട്ടർലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഉദ്യോഗാർഥികളുടെ അഭിരുചി കണ്ടെത്തുന്ന-തിനുള്ള സൈക്കോമെട്രിക് ടെസ്റ്റുകൾ തുടങ്ങിയ നവീന സാങ്കേതിക വിദ്യകൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽ ഉപയോഗ-പ്പെടുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**